(ബി) പ്രസ്തുത സ്ഥാപനത്തിന്റെ ഭരണപരവും സാമ്പത്തികവുമായ നിയന്ത്രണം സംസ്ഥാന ഗവൺമെന്റിന് ഉണ്ടോ ;

(സി) സംസ്ഥാനത്ത് പ്രതിവർഷം ചെലവഴിക്കുന്ന തുക നിജപ്പെടുത്തിയിട്ടുണ്ടോ ; പ്രസ്തുത ധനവിനിയോഗത്തിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണ് ; ഇതിൻ പ്രകാരമുള്ള കണക്കുകൾ സംസ്ഥാന സർക്കാർ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ടോ ;

(ഡി) നെഹ്റു യുവകേന്ദ്രയുടെ പ്രവർത്തനം വിലയിരുത്താൻ സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ ?

ഉത്തരം

(എ) നെഹ്റു യുവകേന്ദ്ര പൂർണ്ണമായും കേന്ദ്ര സർക്കാരിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനമാണ്. ഗ്രാമീണ യുവജനങ്ങളുടെ ക്ഷേമത്തിനും സമഗ്ര വികസനത്തിനും വേണ്ടി ജില്ലാതലത്തിൽ ജില്ലാ ഭരണകൂടം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, വിവിധ സർക്കാർ വകുപ്പുകൾ എന്നിവയുമായി സഹകരിച്ച് യൂത്ത് ക്ലബ് ഡെവലപ്മെന്റ് പ്രോഗ്രാം, വൊക്കേഷണൽ ട്രെയിനിംഗ് പ്രോഗ്രാം, കായിക വികസന പരിപാടികൾ, സാംസ്ക്കാരിക പരിപാടികൾ തുടങ്ങിയവയുടെ സംഘാടനമാണ് നെഹ്റു യുവകേന്ദ്രയുടെ പ്രവർത്തനങ്ങളിൽപ്പെടുന്നത്.

(ബി) ഇല്ല.

(സി&ഡി) ഉത്തരം (ബി) യുടെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

(4047,4148, 4151, 4153, 4154 എന്നീ ചോദ്യങ്ങളുടെ ഉത്തരം എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.)

II അടിയന്തരപ്രമേയം

വിദ്യാഭ്യാസ നയത്തിനെതിരെ സമരം ചെയ്ത വിദ്യാർത്ഥികളെ പോലീസ് മർദ്ദിച്ചത് സംബന്ധിച്ച്

മി. സ്പീക്കർ : ഫീസ് വർദ്ധനയ്ക്കും സർക്കാരിന്റെ വിദ്യാഭ്യാസ കച്ചവടത്തിനും എതിരെ സംയുക്ത വിദ്യാർത്ഥി സംഘടനകളുടെ നേതൃത്വത്തിൽ ഇന്നലെ ജില്ലാഭരണ കേന്ദ്രങ്ങളിലേക്ക് മാർച്ച് നടത്തിയ വിദ്യാർത്ഥികൾക്ക് നേരെ തിരുവല്ല, ആലപ്പുഴ, കോഴിക്കോട്, വയനാട് എന്നിവിടങ്ങളിൽ പോലീസ് അതിഭീകരമായി ലാത്തിചാർജ് നടത്തിയിരിക്കുന്നു. അതിനെത്തുടർന്ന് പെൺകുട്ടികളും സ്ക്കൂൾ വിദ്യാർത്ഥികളും മെഡിക്കൽ വിദ്യാർത്ഥികളും

LIBRARY ARCHIVES Kerala Legislative Assembly

ഉൾപ്പെടെ നിരവധിപേർ പരിക്കുകളോടെ വിവിധ ആശുപത്രികളിലും ജയിലുകളിലുമായിരിക്കുന്നു ; മെഡിക്കൽ ഉൾപ്പെടെ വിദ്യാഭ്യാസ മേഖലയാകെ പ്രക്ഷുബ്ധമായിരിക്കുന്നതായി പറയപ്പെടുന്ന അതീവഗുരുതരമായ സ്ഥിതിവിശേഷത്തെസംബന്ധിച്ച് സഭാ നടപടികൾ നിർത്തിവെച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് സർവ്വശ്രീ. രാജു എബ്രഹാം, കെ.പി.രാജേന്ദ്രൻ, എ.എ.അസീസ്, പി.സി. ജോർജ്, വി.സി.കബീർ, കെ.പി. മോഹനൻ, ടി.കെ.ദേവകുമാർ, ഡോക്ടർ കെ.സി.ജോസഫ് എന്നിവർ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്. ഞാൻ ഇത് ഉന്നയിക്കാൻ അനുവദിക്കുന്നുവെന്നേയുള്ളു.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി) : സർ, വിദ്യാർത്ഥികളുടെ പ്രശ്നങ്ങൾ രമ്യമായി പരിഹരിക്കാൻ ഗവൺമെന്റ് പരമാവധി പരിശ്രമിച്ചുകൊണ്ടിരിക്കുന്ന ഘട്ടത്തിൽ പിന്നെയും സമരം തുടരുന്നതും സമരം അക്രമങ്ങളിലേക്ക് വഴുതിപ്പോകുന്നതും നിർഭാഗ്യകരമാണ്. തുടർച്ചയായ സമരത്തിന്റെ ഭാഗമായി ഇന്നലെയും സംസ്ഥാനത്ത് പല അനിഷ്ടസംഭവങ്ങളും ഉണ്ടായിട്ടുണ്ട്. സംസ്ഥാന വ്യാപകമായി ഇടതുപക്ഷ വിദ്യാർത്ഥി സംഘടനകൾ ജില്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ ആഫീസുകളിലേക്ക് നടത്തിയ മാർച്ച് ചില സ്ഥലങ്ങളിൽ പോലീസിനെ കല്ലെറിഞ്ഞും വടി കൊണ്ടടിച്ചും കെ.എസ്.ആർ.ടി.സി. ബസ്സുകൾക്കുനേരെയും ആഫീസുകൾക്ക് നേരെയും കല്ലേറ് നടത്തിയും അക്രമാസക്തമായി , പത്തനംതിട്ട ജില്ലയിൽ തിരുവല്ല വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ ആഫീസ് ഉപരോധിക്കുന്നതിനെത്തിയ ഇടതുപക്ഷ വിദ്യാർത്ഥി സംഘടനകളുടെ പ്രവർത്തകർ പ്രകോപനപരമായ മുദ്രാവാക്യം മുഴക്കിക്കൊണ്ട് വരവെ തിരുവല്ല ട്രാഫിക് ഐലന്റിന് സമീപം വച്ച് രണ്ട് കെ.എസ്.ആർ.ടി.സി. ബസ്സുകൾക്ക് നേരെ കല്ലെറിഞ്ഞ് മുൻവശം ചില്ലുപൊട്ടിക്കുകയും, തുടർന്ന് ഡി.ഡി. ആഫീസിന് മുന്നിൽ എത്തിയ സമരക്കാർ അവിടെയുള്ള പോലീസിനെ തള്ളിമാറ്റി. ആഫീസിലേയ്ക്ക് തള്ളിക്കയറാൻ ശ്രമിച്ചു. അത് തടയാൻ ശ്രമിച്ച പോലീസുകാരെ പ്രകടനക്കാർ വടികൊണ്ടടിക്കുകയും അവർക്ക് നേരെ കല്ലും കുപ്പികളും വലിച്ചെറിയുകയും ചെയ്തു. തിരുവല്ല സർക്കിൾ ഇൻസ്പെക്ടർ ഉൾപ്പെടെ 14 പോലീസുകാർക്ക് പരിക്ക് പറ്റി. അക്രമാസക്തരായ പ്രകടനക്കാരോട് സമാധാനപരമായി പിരിഞ്ഞുപോകാൻ പല ആവർത്തി ആവശ്യപ്പെട്ടെങ്കിലും കൂടുതൽ അക്രമാസക്തരാകയാൽ പോലീസ് അവരെ ലാത്തിവീശി വിരട്ടി ഓടിച്ചു. അതേത്തുടർന്ന് ഓടിവീണതിൽ എസ്.എഫ്.ഐ. ജില്ലാ പ്രസിഡന്റ് ശ്രീ.റോഷിൻ ജോയിമാത്യു, എസ്.എഫ്.ഐ. ജില്ലാ ജോയിന്റ് സെക്രട്ടറി ശ്രീ. രാജേഷ്, യൂണിവേഴ്സിറ്റി യൂണിയൻ സെക്രട്ടറി ശ്രീ.ബൈജു, എ.ഐ.എസ്.എഫ്. ജില്ലാ സെക്രട്ടറി ശ്രീ.രമേഷ് തുടങ്ങിയ 16 പേർക്ക് പരിക്ക് പറ്റിയെന്നാരോപിച്ച് തിരുവല്ല ഗവൺമെന്റ് ആശുപത്രിയിൽ അഡ്മിറ്റായിട്ടുണ്ട്. ആലപ്പുഴ ജില്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ ആഫീസിലേക്ക് പ്രകടനമായി എത്തിയവർ അവിടെ ഡ്യൂട്ടിക്ക് നിന്ന പോലീസ് പാർട്ടിയെ കണ്ട് പ്രകോപിതരായി പോലീസിന് നേരെ കല്ലെറിയുകയും വടികൊണ്ട് അടിക്കുകയും ചെയ്തു. പ്രകടനക്കാരുടെ പിൻനിരയിൽ ഉണ്ടായിരുന്നവർ അവിടെ

LIBRARY ARCHIVES Kerala Legislative Assembly

നിർത്തിയിട്ടിരുന്ന മൂന്ന് കെ.എസ്.ആർ.ടി.സി. ബസ്സുകൾക്ക് നേരെ കല്ലെറിഞ്ഞു ചില്ലുകൾ തകർത്തു. കല്ലേറിൽ ബസ്സിലെ ഒരു ഡ്രൈവർക്ക് നെറ്റിയിലും നെഞ്ചിലും പരിക്ക്പറ്റി. 5 പോലീസ് ഉദ്യോഗസ്ഥന്മാർക്കും പരിക്ക് പറ്റിയിട്ടുണ്ട്. അത്തരത്തിൽ അക്രമാസക്തരായ പ്രകടനക്കാരെ പോലീസ് വിരട്ടിയോടിച്ചതിൽ 12 വിദ്യാർത്ഥികൾക്ക് പരിക്ക്പറ്റിയെന്നാരോപിച്ച് ആലപ്പുഴ മെഡിക്കൽ കോളജ് ആശുപത്രിയിൽ ചികിൽസയ്ക്കായി പ്രവേശിപ്പിച്ചിട്ടുണ്ട്. വയനാട് ജില്ലാ കള്ക്ടറേറ്റിൽ പ്രവർത്തിക്കുന്ന ഡി.ഡി. ആഫീസിലേയ്ക്ക് പ്രകടനമായി എത്തിയ ഇടതുപക്ഷ വിദ്യാർത്ഥി സംഘടനാ പ്രവർത്തകർ പൊലീസ് വലയം ഭേദിച്ച് കളക്ടറേറ്റിന് തെക്കുവശം വരാന്തയിലൂടെ അതിക്രമിച്ച് കടന്ന് മുദ്രാവാക്യം മുഴക്കി. അത് തടയാൻ ശ്രമിച്ച പോലീസുകാരനെ വടി കൊണ്ടടിക്കുകയും കളക്ട്രേറ്റ് കെട്ടിടത്തിന്റെ ജനൽ ചില്ലുകൾ അടിച്ചുതകർക്കുകയുംചെയ്തു. അതിൽ ആറ് പോലീസ് ഉദ്യോഗസ്ഥന്മാർക്ക് പരിക്ക് പറ്റി. ഇക്കാര്യത്തിൽ പൊതുമുതൽ നശിപ്പിക്കുന്നതിനെതിരെയുള്ള വകുപ്പുകൾ ഉൾപ്പെടെ ഇന്ത്യൻ ശിക്ഷാനിയമത്തിലെ വിവിധ വകുപ്പുകൾ ചേർത്ത് കൽപ്പറ്റ പോലീസ് ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. 16 പേരെ അറസ്റ്റ് ചെയ്തു കോടതിയിൽ ഹാജരാക്കി. അവരെ 6-8-2003 വരെ റിമാന്റ് ചെയ്തിട്ടുണ്ട്. കേരള മെഡിക്കോസ് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ കോഴിക്കോട് മെഡിക്കൽ കോളേജ് കവാടം ഉപരോധിച്ച മെഡിക്കൽ കോളജ് വിദ്യാർത്ഥികളെ പോലീസ് നീക്കംചെയ്ത് ജീപ്പിൽ പോലീസ് സ്റ്റേഷനിൽ കൊണ്ടുവരികയും 34 പെൺകുട്ടികളടക്കം 138 പേർക്ക് എതിരായി കോഴിക്കോട് മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷനിൽ ഒരു കേസ് രജിസ്റ്റർ ചെയ്ത ശേഷം അവരെ ജാമ്യത്തിൽ വിടുകയും ചെയ്തു. പോലീസ് തങ്ങളെ നീക്കം ചെയ്ത് വാഹനത്തിൽ കയറ്റുമ്പോൾ മർദ്ദിച്ചുവെന്നാരോപിച്ച് ആറ് വിദ്യാർത്ഥികളെ ചികിൽസയ്ക്കായി കോഴിക്കോട് മെഡിക്കൽ കോളേജ് അത്യാഹിത വിഭാഗത്തിൽ അഡ്മിറ്റ് ചെയ്തിട്ടുണ്ട്. ഇത് തുടർച്ചയായി ഒരു സമരം നടക്കുന്നതുപോലെയാണ് കാണുന്നത്. നിങ്ങൾക്ക് അറിയാം, ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി പരമാവധി ഗവൺമെന്റ് ശ്രമിച്ചുകൊണ്ടിരിക്കുന്ന ഘട്ടത്തിൽ കുറച്ച് കാത്തിരിക്കുന്നതിനുപകരം സമരം നയിക്കുകയും സമരം അക്രമത്തിലേയ്ക്ക് വഴിതെറ്റുകയും ചെയ്തു. ഡസൻ കണക്കിന് പോലീസുകാർക്ക് പരിക്കു പറ്റി. അതുപോലെ ട്രാൻസ്പോർട്ട് ബസ്സിനുമെല്ലാം, നാശനഷ്ടം വരുത്തി. പോലീസുകാർക്ക് പരിക്ക് പറ്റുക, ബസ് നശിപ്പിക്കുക, ഇത് നിരന്തരമായി നടത്തിക്കൊണ്ടിരിക്കുന്നത് ദയവ് ചെയ്ത് ഉപേക്ഷിക്കണം. ഇക്കാര്യം സഭാ നടപടികൾ നിർത്തിവെച്ച് ചർച്ച ചെയ്യേണ്ട വിഷയമാണെന്ന ഗവൺമെന്റ് കരുതുന്നില്ല.

ശ്രീ. രാജു എബ്രഹാം : സർ, കേരളം കണ്ട മൃഗീയമായ നരനായാട്ടാണ് ഇന്നലെ നടന്നിട്ടുള്ളത്. ഇവിടെ മറുപടിയിൽ ഏതാനും പോലീസുകാർക്ക് പരിക്ക് പറ്റിയെന്ന് അങ്ങ് പറഞ്ഞു. കേസ് എടുപ്പിക്കാൻ വേണ്ടി പോലീസുകാർക്ക് പരിക്ക് പറ്റി ആശുപത്രിയിൽ.കിടക്കുന്നത് ഏത് സംഭവത്തിനും ഉള്ളതാണ്. പക്ഷേ നൂറിലധികം വിദ്യാർത്ഥികളെ ഇന്നലെ റിമാന്റ് ചെയ്തിരിക്കുകയാണ്. അതെപ്പറ്റി ഒരു വാക്കെങ്കിലും പരാമർശിക്കാൻ അങ്ങയുടെ മനസ് അനുവദിക്കപ്പെട്ടില്ല. 300-ൽ അധികം ആളുകൾ ഇന്നലെ ലാത്തിചാർജിന്

LIBRARY ARCHIVES Kerala Legislative Assembly

വിധേയരായി. ഇത്രയും പൈശാചികമായ ഒരു ലാത്തിചാർജ് ഈ കേരളത്തിന്റെ ചരിത്രത്തിൽ ഉണ്ടായിട്ടുണ്ടോ ? തിരുവല്ലയിൽ 150 ഓളം വിദ്യാർത്ഥികളെ മർദ്ദിച്ചവശരാക്കി ഈ നിയമസഭ കൂടുന്നതിന് കേവലം 3 മണിക്കൂർ മുമ്പ് മാത്രമാണ് 32 വിദ്യാർത്ഥികളെ പത്തനംതിട്ട സബ് ജയിലിലാക്കിയിട്ടുള്ളത്. കൈയൊടിഞ്ഞിട്ടുള്ള ആളുകൾ, ചവിട്ടേറ്റ വിദ്യാർത്ഥികൾ, ദേഹമാസകലം നീരുവന്ന വിദ്യാർത്ഥികൾ, തലപൊട്ടിയ വിദ്യാർത്ഥികൾ ഇന്ന് വെളുപ്പിന് അവർ തിരുവല്ല പോലീസ് സ്റ്റേഷനിലായിരുന്നു. അങ്ങ് അനുമതി കൊടുത്തുവോ. ഇത്രയും നരനായാട്ട് നടത്തിയിട്ട്, അവരെ കോടതിയിൽ ഹാജരാക്കാതെ ആശുപത്രിയിൽ ഹാജരാക്കാതെ ആ വിദ്യാർത്ഥികളെ ഈ സഭ സമ്മേളിക്കുന്നതിന് കേവലം 3 മണിക്കൂർ മുമ്പ് മാത്രം സബ് ജയിലിൽ അടയ്ക്കുന്ന ഒരു സാഹചര്യം അങ്ങ് നിർദ്ദേശിച്ചതുകൊണ്ടാണോ പത്തനംതിട്ടയിലെ തിരുവല്ലയിൽ നടന്നിട്ടുള്ളത്. ഞങ്ങളുടെ വിദ്യാർത്ഥികൾക്ക് മാത്രമാണോ ? അല്ല. മലയാള മനോരമയുടെ ഫോട്ടോഗ്രാഫർ ശ്രീ. റോക്കിയെ അടിച്ചു ചവിട്ടി താഴെയിട്ടില്ലേ. മാതൃഭൂമിയുടെ ഫോട്ടോഗ്രാഫർ ശ്രീ. ഗിരീഷ്, എപ്പോഴും പറയുമല്ലോ വീഡിയോ ഹാജരാക്കാമെന്ന് ഞാൻ അങ്ങയെ വെല്ലുവിളിക്കുന്നു. അവിടത്തെ വീഡിയോ ഹാജരാക്കി അവിടെ വിദ്യാർത്ഥികളാണ് ഡി.ഡി. ആഫീസിലേക്ക് തള്ളിക്കയറാനും കുഴപ്പമുണ്ടാക്കാനും ശ്രമിച്ചതെങ്കിൽ, അതിൽ നിന്ന് വ്യത്യസ്തമായിട്ടാണ് കാര്യങ്ങൾ നടന്നതെങ്കിൽ അങ്ങ് എന്ത് നിലപാട് സ്വീകരിക്കും. ഇന്ന് ഇവിടെ പറഞ്ഞിട്ടുള്ള സ്റ്റേറ്റുമെന്റ് തിരുത്താൻ തയ്യാറാകുമോ ? ഞാൻ വെല്ലുവിളിക്കുകയാണ്. എപ്പോഴും പറയുമല്ലോ വീഡിയോ ഹാജരാക്കാമെന്ന്. വീഡിയോ ഹാജരാക്കട്ടെ ..... (ബഹളം) .....

മി. സ്പീക്കർ : ഇതൊക്കെ ഹാജരാക്കേണ്ട കാര്യമില്ല, ജനങ്ങൾ എല്ലാം കാണുന്നതാണ്.

ശ്രീ. രാജു എബ്രഹാം : സർ, ഞാൻ വെല്ലുവിളിക്കുകയാണ്. വീഡിയോ കണ്ടിട്ട് നടപടി സ്വീകരിക്കാൻ നിങ്ങൾ സന്നദ്ധമാണോ. യാതൊരു പ്രകോപനവുമില്ല. അവിടെ പ്രകടനം ആരംഭിച്ചപ്പോൾത്തന്നെ സർക്കിൾ ഇൻസ്പെക്ടർ പ്രഖ്യാപിച്ചു. അങ്ങ് വന്നോളൂ കണ്ടേക്കാം. അദ്ദേഹം കണ്ടു. കണേണ്ടതുപോലെ കണ്ടു. 250 -ഓളം വിദ്യാർത്ഥികളെ നേരിടാൻ 350 -ൽ അധികം പോലീസുകാർ. പത്തനംതിട്ട ജില്ലയിലെ മുഴുവൻ പോലീസുകാരെയും അവിടെ അണിനിരത്തി. ഇത് ലജ്ജാകരമായ കാര്യമാണ്. ആലപ്പുഴയിൽ 300 ഓളം വിദ്യാർത്ഥികളെ നേരിടാൻ എത്ര പോലീസുകാരെയാണ് അണിനിരത്തിയത് ? 500-ലധികം പോലീസുകാരെ. ആലപ്പുഴയിൽ പ്രകോപനം ഉണ്ടാക്കി, എസ്.എഫ്.ഐ.യുടെ ജില്ലാ സെക്രട്ടറിക്കാണെങ്കിൽ ഒരു കൈയില്ലാത്തതാണ്. വികലാംഗനാണ്. വികലാംഗനായ റിയാസ് പോലീസിനെ കല്ലെറിഞ്ഞുവെന്ന് പരമോന്നതമായ നിയമസഭയിൽ പ്രഖ്യാപിക്കാൻ അങ്ങേയ്ക്ക് എങ്ങനെ കഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

ആ റിയാസ് സഞ്ചരിച്ച ഓട്ടോറിക്ഷ തകർത്തില്ലേ. അവിടെ പങ്കെടുത്ത 25 ഓളം പെൺകുട്ടികളെ ആരാണ് മർദ്ദിച്ചത് ? പുരുഷ പോലീസുകാർ. തിരുവല്ലയിൽ കാർത്തിക എന്ന പെൺകുട്ടിയെ നിലത്തിട്ടു ചവിട്ടിയത് ഒരു പുരുഷ പോലീസുകാരൻ. ആലപ്പുഴയിലും പത്തനംതിട്ടയിലും വനിതകളായ ഈ പെൺകുട്ടികളെ നേരിടുവാൻ ഒരു വനിതാ പോലീസിനെയെങ്കിലും അവിടെ നിയോഗിക്കുവാൻ അങ്ങയുടെ പോലീസ് സംവിധാനത്തിന് കഴിഞ്ഞോ ? ഇത്രയും വലിയ ഈ സംഭവം, പെൺകുട്ടികളടക്കം പങ്കെടുത്തിരുന്ന ഈ സമരത്തെ നേരിടാൻ ഒരു വനിതാ പോലീസ് പോലും ഇല്ലായിരുന്നു. പക്ഷേ അവിടെ പെൺകുട്ടികളുടെ നാഭിക്ക് ചവിട്ടുന്നത് കഴിഞ്ഞ ദിവസം കണ്ടില്ലേ ? കണ്ണൂരിൽ നിങ്ങളുടെ മർദ്ദനമേറ്റ, പുരുഷ പോലീസിന്റെ മർദ്ദനമേറ്റ വിജില എന്നുപറയുന്ന ചിറ്റാഴിക്കൽ ഹയർ സെക്കൻഡറിയിലെ പെൺകുട്ടി ഇരുപതു ദിവസമായി ശരീരം അനങ്ങാതെ കിടക്കുകയാണ്. ശരീരം അനക്കുവാൻ കഴിയുന്നില്ല. കോഴിക്കോട് മെഡിക്കൽ കോളേജിൽ എസ്.എഫ്.ഐയോ, എ.ഐ.എസ്.എഫോ, കേരളാ കോൺഗ്രസോ ആരാണ് സമരം നടത്തിയത്. അവിടെ മെഡിക്കൽ വിദ്യാർത്ഥികളാണ് സമരം നടത്തിയത്. ആ മെഡിക്കൽ വിദ്യാർത്ഥികളിൽ 250-ാളം പെൺകുട്ടികളെയടക്കം അവിടെ പോലീസ് സ്റ്റേഷനിൽ സൂക്ഷിച്ചപ്പോഴല്ലേ മെഡിക്കൽ വിദ്യാർത്ഥികൾ മുഴുവൻ അവിടേയ്ക്ക് മാർച്ച് നടത്തിയത്. ആറ് ആളുകൾക്ക് ഗുരുതരമായി പരിക്കേറ്റു. എ.ഐ.എസ്.എഫ്.ന്റെ സംസ്ഥാന നേതാക്കൻമാരടക്കം, എസ്.എഫ്. ഐ.യുടെ സംസ്ഥാന നേതാക്കൻമാരടക്കം റിമാൻഡിൽ കിടക്കുന്നു. എന്തിനു വേണ്ടിയാണ് ? ഇവിടെ സുപ്രീം കോടതിയുടെ പേരു പറഞ്ഞുകൊണ്ട് സ്വാശ്രയ പ്രശ്നം കൊണ്ടുപോകുന്ന ഈ സഭയിൽ സി.പി.ഐ.യുടെ ജില്ലാ സെക്രട്ടറി പുരുഷോത്തമനെ ആലപ്പുഴ സൗത്ത് പോലീസ് സ്റ്റേഷനിൽവച്ച് അവിടത്തെ സർക്കിൾ ഇൻസ്പെക്ടർ കൊങ്ങയ്ക്ക് പിടിച്ചു. അന്വേഷിക്കുവാൻ ചെന്നതാണ്, തിരുവല്ലയിൽ സി.പി.എം.ന്റെയും ഡിവൈ.എഫ്.ഐ യുടെയും നേതാക്കൻമാർ. ശ്രീ. ജോസഫും മോഹൻകുമാറുമടക്കം തല പൊട്ടിക്കിടക്കുകയാണ്. കേരളത്തിലെ പാവപ്പെട്ട കുട്ടികളെ ഉന്നത വിദ്യാഭ്യാസ രംഗത്തുനിന്നും തുടച്ചു നീക്കുന്നതിന് എതിരായിട്ടുള്ള പോരാട്ടമാണ് ഈ കേരളത്തിൽ നടക്കുന്നത്. ഒരു ചർച്ച നടത്താൻ നിങ്ങൾ തയ്യാറാണോ ? ഒരു ചർച്ച നടത്താൻ നിങ്ങൾ തയ്യാറാകുന്നില്ല. ഈ കേരളത്തിൽ ഇപ്പോൾ നടന്നു കൊണ്ടിരിക്കുന്നത് .....(ബഹളം)..... (ബഹളം)....ഹൈക്കോടതി വിദ്യാർത്ഥി സംഘടനാ പ്രവർത്തനം തടയാൻ ശ്രമിച്ചു. നടന്നില്ല. ഹൈക്കോടതി പറഞ്ഞിട്ട് നടക്കാത്ത കാര്യം പോലീസിനെ ഉപയോഗിച്ചുകൊണ്ട് അവിടെ നടത്തുകയാണ്. .....(ബഹളം) ..... (ബഹളം).....കേരളത്തിൽ ചോര ഒഴുകുകയാണ്. വയനാട്ടിൽ, തിരുവല്ലയിൽ വിദ്യാർത്ഥികളെ മൃഗീയമായി മർദ്ദിക്കുന്ന ചിത്രം അങ്ങ് കണ്ടതുപോലെ.....(ബഹളം)...,.....(ബഹളം).....മൃഗീയമാണ്. ചോര ഒഴുകുകയാണ്. അതുകൊണ്ടുതന്നെ ഈ വിഷയം സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്ന് അഭ്യർത്ഥിക്കുകയാണ്....(ബഹളം) ..... (ബഹളം) .....

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി) : സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ അംഗങ്ങൾ പറയുന്നതു കേട്ടാൽ തോന്നും കേരളത്തിൽ മർദ്ദനമുണ്ടായത് ഇപ്പോഴാണെന്ന്. കെ. സി. വേണുഗോപാലും അടൂർ പ്രകാശും, തിരുവഞ്ചൂർ രാധാകൃഷ്ണനുമെല്ലാം ഇവിടെ ഇരിപ്പുണ്ട്. നിങ്ങളുടെ കാലത്ത് അടികൊണ്ട് അവരുടെ കൈ ഒടിഞ്ഞതാണ്. ഇതൊന്നും മറക്കരുത്. അവരെല്ലാം മർദ്ദനത്തിന് വിധേയരായത് അക്രമത്തിന് പോയിട്ടല്ല, കാര്യമന്വേഷിക്കുവാൻ പോയതിന്റെ പേരിലാണ്. ഇവിടെ ഇപ്പോൾ നടക്കുന്നത് ഞാൻ നേരത്തേ പറഞ്ഞു; ഗവൺമെന്റിന് സ്വാശ്രയ വിദ്യാഭ്യാസ മേഖലയിലുള്ള പ്രശ്നങ്ങൾക്ക് എത്രയും വേഗം പരിഹാരമുണ്ടാക്കണമെന്ന താല്പര്യമുണ്ട്. പക്ഷേ ഗവൺമെന്റ് പരിഹാരമുണ്ടാക്കുന്നത് നിയമപരമായിട്ടാണ്. നിയമപരമായിട്ട് മാത്രമേ ഗവൺമെന്റിന് പ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ കഴിയൂ. സ്വാശ്രയ മേഖലയുമായി ബന്ധപ്പെട്ട ഏറ്റവും പ്രധാനപ്പെട്ട പ്രശ്നങ്ങൾ സുപ്രീം കോടതി തീരുമാനത്തെ ആശ്രയിച്ച് തീരുമാനിക്കേണ്ടി ഇരിക്കുകയാണ്. സുപ്രീം കോടതിയിൽ കഴിഞ്ഞ മൂന്നു ദിവസമായി കേസിന്റെ വാദം നടക്കുകയാണ്. കുറച്ചു ദിവസംകൂടി ക്ഷമിക്കുക. അതുവരെ ഈ സമരങ്ങളൊക്കെ നിർത്തിവയ്ക്കുക. വെറുതെ കുട്ടികളെ ഇറക്കിവിട്ട് അക്രമങ്ങളുണ്ടാക്കി പ്രശ്നങ്ങൾ ഉണ്ടാക്കാതിരിക്കുക. അതുകൊണ്ട് എല്ലാ സമരങ്ങളും അവസാനിപ്പിച്ച് അക്രമ മാർഗ്ഗങ്ങളിൽനിന്ന് പിന്തിയണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്. അക്രമം ഉണ്ടാകുന്ന ഘട്ടത്തിൽ ക്രമസമാധാനത്തിനു വേണ്ടി അക്രമം തടയാൻവേണ്ടി പോലീസുകാർക്ക് നടപടി സ്വീകരിക്കേണ്ടി വരും. അക്കാര്യത്തിൽ പിന്നെ പരാതിപ്പെട്ടിട്ട് കാര്യമില്ല. അതുകൊണ്ട് ദയവു ചെയ്ത് ഇന്നത്തെ അക്രമ സംഭവങ്ങൾ അവസാനിപ്പിക്കുവാൻ പ്രതിപക്ഷം നിർദ്ദേശം നൽകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്. ഏതായാലും സഭാ നടപടികൾ നിർത്തിവച്ച് ഇത് ചർച്ച ചെയ്യേണ്ട യാതൊരു ആവശ്യവും ഇപ്പോഴില്ല.

മി. സ്പീക്കർ : മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഈ വിഷയം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് എനിക്ക് അഭിപ്രായമില്ല. ..... (ബഹളം) ....(ബഹളം)

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്യുതാനന്ദൻ) : ബഹുമാനപ്പെട്ട സ്പീക്കർ സർ, ഇന്നലെ തിരുവല്ലയിലും ആലപ്പുഴയിലും കോഴിക്കോട്ടും വയനാട്ടിലും നടന്ന ക്രൂരമായ വിദ്യാർത്ഥി വേട്ട യാതൊരുതരത്തിലും നീതീകരിക്കത്തക്കതല്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടത്തുന്ന സാരോപദേശം, സുപ്രീംകോടതിയിലും ഈ പ്രശ്നം നമ്മൾ ഉന്നയിച്ചിരിക്കുന്നതുകൊണ്ട് അതിന്റെ തീരുമാനം വരുന്നതുവരെ കാത്തിരിക്കണമെന്നാണ്. അതിന്റെ തീരുമാനംവരെ കാത്തിരിക്കുവാൻ നിങ്ങൾ തയ്യാറായിട്ടില്ലല്ലോ. നിങ്ങൾ അനുദിനം ഫീസ് വർദ്ധിപ്പിച്ചു കൊണ്ടിരിക്കുകയല്ലേ. ഈ വിദ്യാർത്ഥികൾക്ക്, മെരിറ്റ് അടിസ്ഥാനത്തിൽ സീറ്റ് ലഭിച്ച കുട്ടികൾക്കുപോലും മര്യാദയ്ക്കുള്ള ഫീസ് വാങ്ങി അഡ്മിറ്റ് ചെയ്യാൻ കൂട്ടാക്കാത്ത നടപടിയെ നിങ്ങൾ ചോദ്യം ചെയ്യുന്നുണ്ടോ ? ഗവൺമെന്റ് നിരന്തരം ഫീസ് വർദ്ധിപ്പിക്കുന്നു. സ്വാശ്രയ മാനേജ്മെന്റ് തോന്നിയതുപോലെ

LIBRARY ARCHIVES Kerala Legislative Assembly

പെരുമാറുന്നു. അതും നിങ്ങൾക്ക് നിയന്ത്രിക്കുവാൻ കഴിയുന്നില്ല.എന്നിട്ടും നിങ്ങൾ കുട്ടികളോട്, രക്ഷകർത്താക്കളോട് അവർ ആവശ്യപ്പെടുന്നത് കൊടുക്കുവാനല്ലേ നിർലജ്ജം പറയുന്നത്. ഇത്തരം സമീപനങ്ങൾ ഏകപക്ഷീയമായി പ്രൊഫഷണൽ കോളേജ് മാനേജർമാർക്ക് വേണ്ടിഉന്നത വിദ്യാഭ്യാസ മാനേജർമാർക്കുവേണ്ടി നിർലജ്ജം കൂട്ടുനിന്നിട്ട് അവരെ സംരക്ഷിക്കുവാനുള്ള നടപടികൾ സ്വീകരിച്ചു.കുട്ടികളോടും രക്ഷകർത്താക്കളോടും സാരോപദേശമാണ്. മർദ്ദനം തുടർച്ചയായിട്ട് നടത്തുന്നതിൽ നാണമില്ലേ നിങ്ങൾക്ക്. നിങ്ങളുടെ ഉപദേശങ്ങൾ കേൾക്കാം. ഞങ്ങൾ കുട്ടികളെ ഉപദേശിക്കും. ഏകപക്ഷീയമാകരുത്. നിങ്ങളിപ്പോൾ ഏകപക്ഷീയമായ സമീപനം മാനേജർമാർക്കുവേണ്ടി ചെയ്തുകൊണ്ടിരിക്കുകയാണ്. അത് നിങ്ങൾ നിർത്തൂ. കുട്ടികളുടെ സമരം നില്ക്കും. കോടതിയുടെ നടപടിവരെ കാത്തിരിക്കാം. കോടതിയുടെ ഉത്തരവ് കാത്തിരിക്കാതെതന്നെ ഇൻഡ്യയിലെ മറ്റ് സംസ്ഥാനങ്ങൾ നമ്മുടെതന്നെ അടുത്ത സംസ്ഥാനമായ കർണ്ണാടകം നിയമം കൊണ്ടുവന്നു, മാനേജർമാരെ നിയന്ത്രിച്ചു. ആ മാതൃക നിങ്ങൾക്ക് സ്വീകരിക്കുവാൻ കഴിയുന്നില്ല. കുറഞ്ഞപക്ഷം അനുദിനം ഉണ്ടായിക്കൊണ്ടിരിക്കുന്ന ഫീസ് വർദ്ധനവെങ്കിലും നിർത്താനുള്ള മര്യാദ കാണിക്കുവാൻ കഴിയണ്ടേ? നിങ്ങൾ കുട്ടികളോട് ഉപദേശം നടത്തുകയാണ്. അത്ര നീചമായിട്ടുള്ള നിലയിലാണ് ഈ കുട്ടികളുടെ നേരെ മർദ്ദനം അഴിച്ചു വിട്ടിട്ടുള്ളത്. ഒരു പ്രദേശത്തെങ്കിലും പോയി ഈ ഹീനമായ മർദ്ദനം നേരിട്ടു കാണുവാൻ നിങ്ങൾക്ക് കഴിഞ്ഞിട്ടുണ്ടോ ? ഞാൻ കഴിഞ്ഞ ദിവസം നിങ്ങളോട് ആവശ്യപ്പെട്ടു. എന്ത് കല്ല് കൊണ്ടുപോയി ? കുട്ടികളോട് എറിയരുതെന്ന് ഉപദേശിക്കണമെന്നു പറഞ്ഞു. ഉപദേശിച്ചിട്ടുണ്ട്. കല്ലുകൊണ്ടുള്ള എറി സാമാന്യേന കുറഞ്ഞിട്ടുണ്ട്. എന്നാൽ നിങ്ങളുടെ പോലീസ് ചാക്കുകണക്കിന് കല്ലുംകൊണ്ട് ചെന്നു മഫ്തി പോലീസായി നിന്നിട്ട് എറിയും. പൊതു ജനങ്ങളാണ് എറിയുന്നതെന്ന് തോന്നും. നിങ്ങളുടെ പോലീസാണ് എറിയുന്നത്. എന്തിനു വേണ്ടി ? മർദ്ദിക്കുവാൻവേണ്ടി. മർദ്ദിക്കുന്നതിനുള്ള ന്യായീകരണത്തിനു വേണ്ടിയുള്ള ഇത്തരം ഹീനമായ സമീപനം നിങ്ങൾ നിർത്തൂ. കുട്ടികളുടെ ഭാഗത്തു നിന്നുള്ള കല്ലെറിയൽ പോകും എന്നുള്ള കാര്യത്തിൽ സംശയം വേണ്ട. ഇപ്പോഴും ഞങ്ങൾ കുട്ടികളോട് ബസിന് കല്ലെറിയരുത്, പോലീസിനു നേരെ കല്ലെറിയരുത്, രക്തവും മാംസവും കൊണ്ട് അതിനെ നേരിടണമെന്നു തന്നെയാണ് പറഞ്ഞുകൊണ്ടിരിക്കുന്നത്. കാരണം എന്ത് ദ്രോഹകരമായ ഫീസ് വർദ്ധനയാണ് നിങ്ങൾ അനുദിനം നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. മെറിറ്റഡ് കുട്ടികൾക്കുപോലും സ്വാശ്രയ കോളേജുകളിൽ പ്രവേശനം കൊടുക്കണമെങ്കിൽ അവർ ആവശ്യപ്പെടുന്ന കോഴ കൊടുക്കണം. ഇത് നിയന്ത്രിക്കുവാൻ നിങ്ങൾക്ക് കഴിയുന്നില്ല. ഇത് നിയന്ത്രിക്കുവാൻ വേണ്ടിയാണ് ഈ പ്രക്ഷോഭണം. നിങ്ങളുടെ കഴിവില്ലായ്മയും പിടിപ്പില്ലായ്മയും കൊണ്ടാണ് കുട്ടികൾക്ക് ഈ സമരം തുടരേണ്ടി വരുന്നതെന്ന് നിങ്ങൾ മനസ്സിലാക്കണം. അതുകൊണ്ട് നിങ്ങളുടെ ഈ ഹീനമായ സമീപനത്തിൽ പ്രതിഷേധിച്ച് ഞങ്ങൾ വാക്കൗട്ട് നടത്തുകയാണ്.

(പ്രതിപക്ഷ നേതാവും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ടു പുറത്തു പോയി)

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, ഒരു പരിഷ്കൃത സമൂഹത്തിന് യോജിച്ചതാണോ പോലീസിന്റെ ഈ നടപടികൾ ? ഇന്നലെ ആലപ്പുഴയിൽ ഒറ്റ വനിതാ പോലീസ് പോലും ഇല്ലായിരുന്നു. പത്തഞ്ഞൂറ് പെൺകുട്ടികൾ പങ്കെടുത്ത സമരമായിരുന്നു. നെഞ്ചിലാണ് ചവിട്ടുന്നത്. സമര സ്ഥലത്ത് മാത്രമല്ല, വണ്ടിയിൽ കയറ്റിയിട്ട് ചവിട്ടി, ദേഹമാസകലം ചവിട്ടി. ഓട്ടോറിക്ഷയിൽ നിന്ന് പിടിച്ചിറക്കി ചവിട്ടി. ബസ്സിൽ പോകുന്ന വിദ്യാർത്ഥികളെ പിടിച്ചിറക്കി ചവിട്ടി. അതുകഴിഞ്ഞ് സൗത്ത് പോലീസ് സ്റ്റേഷനിൽ കൊണ്ടിട്ട് ചവിട്ടി. ആ കുട്ടികളുടെ ശ്വാസംമുട്ടിയുള്ള നിലവിളി കേട്ട് തൊട്ടടുത്ത കടക്കാർ വിളിച്ചു പറഞ്ഞ് സി.പി.ഐ.യുടെ ജില്ലാ സെക്രട്ടറി അവിടെ ചെന്നപ്പോൾ സഖാവ് പുരുഷോത്തമനെ സി.ഐ. കയ്യേറ്റം ചെയ്തു. എന്താണ് നടക്കുന്നത് ? ഇത്രയും ക്രൂരമായ വിധത്തിൽ മർദ്ദിക്കാൻ ഏതെങ്കിലും സ്ഥലത്ത് പോലീസുകാർക്കു നേരെ എന്തെങ്കിലും ആക്രമണമുണ്ടായോ? മുഖ്യമന്ത്രി നിഷ്പക്ഷമായി അന്വേഷിക്കണം. അതുപോലെ മെഡിക്കൽ കോളേജ് വിദ്യാർത്ഥികൾ നടത്തിയ സമരം, മെഡിക്കൽ വിദ്യാർത്ഥികളുടെ ഫീസ് വർദ്ധിപ്പിച്ചതിനെതിരായ സമരത്തിലെ മുഴുവൻ വിദ്യാർത്ഥികളേയും പെൺകുട്ടികൾ ഉൾപ്പെടെ, അങ്ങ് ടി.വി.യിൽ കണ്ടില്ലേ ? ടി.വി.യിൽ കാണിച്ചതല്ലേ?

മി. സ്പീക്കർ : എല്ലാം ടി.വി.യിൽ കണ്ടു. പോലീസുകാരന്റെ പുറത്തിട്ട് കുത്തുന്നതും ഞാൻ കണ്ടു.

ശ്രീ. കെ. പി. രാജേന്ദ്രൻ : ഏറ്റവും കൂടുതൽ വിദ്യാർത്ഥികളെ ജയിലിൽ അടച്ചതിന്റെ, തല്ലിച്ചതച്ചതിന്റെ ഖ്യാതി മുഖ്യമന്ത്രി ശ്രീ. എ.കെ.ആന്റണിയുടെ പേരിലായിരിക്കും ഉണ്ടാകാൻ പോകുന്നത്. ഏറ്റവും കൂടുതൽ വിദ്യാർത്ഥികളുടെ പേരിൽ 307 പി.ഡി.പി.പി. ആക്ട്, ജയിലിൽ നിന്നിറങ്ങരുത്. ഇന്നലെ ഞാൻ ജയിലിൽ ചെന്നപ്പോൾ സൂപ്രണ്ട് എന്നോട് പറഞ്ഞു ഇവർക്ക് ജാമ്യം കിട്ടാവുന്ന സന്ദർഭത്തിൽ, കോടതിയിൽ പോയി ജാമ്യം കിട്ടുമ്പോൾ പോലീസ് അടുത്ത വകുപ്പ് എഴുതി വച്ച് വീണ്ടും ജയിലിലേക്ക് കൊണ്ടു പോകും. വിദ്യാർത്ഥികളുടെ കൈയിൽ വിലങ്ങുവച്ച് കൊണ്ടുപോകുന്നതിന്റെ ഖ്യാതി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പേരിലായിരിക്കും ഉണ്ടാകാൻ പോകുന്നത്. എന്തിന് ഈ വിദ്യാർത്ഥികളെ ഇങ്ങനെ തല്ലിച്ചതയ്ക്കണം? കോടതിയിൽ, സുപ്രീംകോടതിയിൽ കേസ്. അഫിഡവിറ്റ് ഇവിടെ വായിക്കൂ. നിങ്ങൾ സുപ്രീംകോടതിയിൽ കൊടുത്ത അഫിഡവിറ്റിൽ ഈ ഫീസിനെ സംബന്ധിച്ച്, ഈ ഫീസ് കുറയ്ക്കുന്നതിനെ സംബന്ധിച്ച് ഒരു വാക്കുപോലും പറഞ്ഞിട്ടില്ല. കേസ് തോൽക്കാൻ സുപ്രീംകോടതിയിൽ പോയി നാല് ദിവസം അവിടെ കിടക്കുകയാണ്. കേസ് കേരള ഗവൺമെന്റിനുവേണ്ടി തോറ്റ് കിട്ടാൻ. അങ്ങനെ വിദ്യാർത്ഥികളെ ദ്രോഹിച്ചാൽ സമരമല്ലാതെ വേറെ മാർഗ്ഗമെന്താണ്? ഇങ്ങനെ തല്ലിച്ചതച്ചാൽ സമരം തീരില്ല. ഇതിനെതിരായി ശക്തമായ വിദ്യാർത്ഥി സമരം മാത്രമല്ല, ബഹുജന സമരം വരുന്ന നാളുകളിൽ ഈ ഗവൺമെന്റ് നേരിടേണ്ടി വരും എന്ന മുന്നറിയിപ്പുകൂടി നൽകിക്കൊണ്ട് ഈ നടപടിയിൽ പ്രതിഷേധിച്ചുകൊണ്ട് ഞങ്ങളും വാക്കൗട്ടിൽ പങ്കുചേരുന്നു.

(ശ്രീ. കെ.പി.രാജേന്ദ്രനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി)

LIBRARY ARCHIVES Kerala Legislative Assembly

ഡോ. എ. നീലലോഹിത ദാസൻനാടാർ : സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് പ്രശ്നം പരിഹരിക്കുന്നതിന് ഗവൺമെന്റ് ശ്രമിച്ചുകൊണ്ടിരിക്കുന്നു വെന്നാണ്. അങ്ങേക്ക് തന്നെ ബോദ്ധ്യപ്പെട്ട രീതിയിൽ ഈ പ്രശ്നം പരിഹരിക്കുന്നതിന് ഗവൺമെന്റ് ശ്രമിച്ചുവെന്ന് അങ്ങേയ്ക്ക് പറയാൻ കഴിയുമോ? ഇല്ല എന്നതാണ് സത്യം. അങ്ങ് സഭയിലെ ഈ ചെയറിൽ ഇരുന്നുകൊണ്ട് വളരെ ശക്തമായി പ്രകടിപ്പിക്കപ്പെട്ട വികാരങ്ങളുടെ ഒരു അംശംപോലും ഉൾക്കൊള്ളാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ലായെന്നുള്ളതാണ് ഇതു സംബന്ധിച്ചുള്ള ഗവൺമെന്റിന്റെ അനങ്ങാപ്പാറ നയം വ്യക്തമാക്കുന്നത്. കേവലം പോലീസ് എഴുതിക്കൊടുക്കുന്ന അടിസ്ഥാനരഹിതമായ കള്ള റിപ്പോർട്ട് വായിക്കുന്ന ഒരു ഏജന്റ് മാത്രമായി ആഭ്യന്തര വകുപ്പിന്റെ ചുമതലയുള്ള മുഖ്യമന്ത്രി അധഃപതിക്കരുതെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. വിദ്യാർത്ഥികൾ പോലീസിനെ കല്ലെറിഞ്ഞു, കല്ലെറിഞ്ഞു എന്ന് ആവർത്തിച്ചാവർത്തിച്ച് പറയുന്നതല്ലാതെ വിദ്യാർത്ഥികളുടെ നേർക്ക് നടന്നിട്ടുള്ള ആക്രമണങ്ങളെക്കുറിച്ച്, ആവർത്തിച്ചാവർത്തിച്ചുള്ള നിഷ്ഠൂരമായ പോലീസ് മർദ്ദനത്തെക്കുറിച്ച് ഒരക്ഷരം ഉരിയാടാനോ ഖേദം പ്രകടിപ്പിക്കാനോ അങ്ങ് ഇതുവരെ തയ്യാറായിട്ടില്ല എന്നുള്ളത് തികച്ചും അപമാനകരമാണ്. വിദ്യാർത്ഥി പ്രസ്ഥാനത്തിലൂടെ പൊതുരംഗത്തേക്ക് കടന്നുവന്ന അങ്ങയെ സംബന്ധിച്ചിടത്തോളം ഈ സ്ഥിതി വിശേഷം ഒരൊറ്റ കാരണവശാലും ഭൂഷണമല്ലെന്ന് ഞാൻ വ്യക്തമാക്കുന്നു. ഈ പ്രശ്നത്തിന്റെ വിശദാംശങ്ങളെക്കുറിച്ച് ഇവിടെ ചർച്ച ചെയ്യാൻ തയ്യാറാകാത്തതിൽ പ്രതിഷേധിച്ചാണ് ഞങ്ങളും വാക്കൗട്ട് നടത്തുന്നത്.

(ഡോ. എ. നീലലോഹിത ദാസൻനാടാരും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി)

ശ്രീ. എ. എ. അസീസ് : സർ, ന്യായമായ അവകാശങ്ങൾ ഉന്നയിച്ചുകൊണ്ട് സമരം ചെയ്യുന്ന വിദ്യാർത്ഥികളെ അതിനീചമായി മർദ്ദിച്ച സംഭവത്തിൽ ഞാനും പ്രതിഷേധിക്കുന്നു.

(ശ്രീ. എ. എ. അസീസ് സഭ വിട്ട് പുറത്തു പോയി)

(പുറത്തു പോയ പ്രതിപക്ഷാംഗങ്ങൾ അല്പസമയത്തിനുള്ളിൽ സഭയിൽ വീണ്ടും ഹാജരായി)

III ശ്രദ്ധക്ഷണിക്കൽ

(1) കാസർകോഡ് ജില്ലയിലെ ജലക്ഷാമം പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടിന്റെ ആവശ്യകത

ശ്രീ. കെ. വി. കുഞ്ഞിരാമൻ: സർ, കാസർകോഡ് ജില്ലയിൽ ജനങ്ങൾ ജലസേചനത്തിനും കുടിവെള്ളത്തിനും വേണ്ടിയുള്ള പദ്ധതികൾക്കുവേണ്ടി വളരെ പ്രതീക്ഷിച്ചിരുന്നതാണ്. കാക്കടവ്-മൂന്നാംകടവ് പഴശ്ശിനി പദ്ധതികൾ. ഇതിൽ കാക്കടവും അതുപോലെ പഴശ്ശിനിയും ഏറെക്കുറെ കൈവിട്ട നിലയിലാണ്. മൂന്നാംകടവ് പദ്ധതിയാണ് ഇന്ന് വളരെ ലൈവായി ജില്ലയിൽ

LIBRARY ARCHIVES Kerala Legislative Assembly